ഉത്തരം

(എ) സംസ്ഥാന ടൂറിസം വകുപ്പിന് മൊത്തം 140 വാഹനങ്ങൾ ഉണ്ട്.

വിദേശ നിർമ്മിത കാറുകൾ — 6 എണ്ണം

സ്വദേശ നിർമ്മിത കാറുകൾ — 134 എണ്ണം

(ബി) 25 വർഷത്തിലേറെ പഴക്കമുള്ള വിദേശനിർമ്മിത കാറുകൾ 5 എണ്ണം.

ക്രമ നമ്പർ	*രജി. നമ്പർ*		*നിർമ്മാണകമ്പനി*	*മോഡൽ*
(1)	KRV	7247	Buick	1974
(2)	MAR	5502	Benz	1977
(3)	KEV	3690	Benz	1980
(4)	MAR	5503	Benz	1977
(5)	DLZ	729	Benz	1977

(സി)

ഉപയോഗയോഗ്യമായവ — 3 എണ്ണം

ഉപയോഗയോഗ്യമല്ലാത്തത് — 1 എണ്ണം

അറ്റകുറ്റപ്പണികൾ ചെയ്താൽ ഉപയോഗിക്കാൻ പറ്റുന്നത് — 1 എണ്ണം.

(ഡി) ലേലം ചെയ്യുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

മ്യൂറൽ പെയിന്റിംഗ്സ്

302 [1225] *ശ്രീ. ബി. വിജയകുമാർ:*

„ *കെ. മുഹമ്മദാലി:*

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ക്ഷേത്രങ്ങളിൽ മ്യൂറൽ പെയിന്റിംഗ് നിലവിലുണ്ടെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) ഇവയിൽ എവിടെയെല്ലാമുള്ള പെയിൻറിംഗുകൾ നാശോന്മുഖമായ നിലയിലാണെന്ന് പറയുമോ;

(സി) ഇവ നന്നാക്കി സംരക്ഷിക്കുവാൻ എന്തെല്ലാം പദ്ധതികളുണ്ട്;

(ഡി) സംസ്ഥാനത്ത് മ്യൂറൽ പെയിന്റിംഗ് അറിയാവുന്ന എത്ര കലാകാരന്മാരുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് മൃുറൽ പെയിന്റിംഗ് നിലവിലുള്ള ക്ഷേത്രങ്ങളുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു:

I. ഹിന്ദുമത ധർമ്മ സ്ഥാപന ഭരണ വകുപ്പിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ:

1. ശ്രീഅനന്തപത്മനാഭ ക്ഷേത്രം, കണ്ണൂർ വില്ലേജ്, കാഞ്ഞങ്ങാട്
2. ശ്രീമടിയൻകുലോം ക്ഷേത്രം, കാഞ്ഞങ്ങാട്
3. ശ്രീതൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രം, തളിപ്പറമ്പ്
4. തിരുവങ്ങാട് ശ്രീരാമസ്വാമി ക്ഷേത്രം, തലശ്ശേരി
5. തൊടിക്കളം ശിവക്ഷേത്രം, കണ്ണറാം
6. ശ്രീതളിക്ഷേത്രം, കോഴിക്കോട്
7. ശ്രീമമ്മിയൂർ മഹാദേവ ക്ഷേത്രം, മമ്മിയൂർ
8. ശ്രീആലത്തിയൂർ പെരുംതൃക്കോവിൽ ക്ഷേത്രം, തിരൂർ
9. ശ്രീതിരുമിറ്റക്കോട് ക്ഷേത്രം, ഒറ്റപ്പാലം
10. ശ്രീകൈതളി ശിവക്ഷേത്രം, നൈത്തിരിമംഗലം, പട്ടാമ്പി
11. ശ്രീചെറുകാട്ടുപുലം ക്ഷേത്രം, ഒറ്റപ്പാലം
12. ശ്രീരണ്ടുമൂർത്തി ക്ഷേത്രം, തൃക്കങ്ങോട്, ഒറ്റപ്പാലം
13. ശ്രീപനിരണ്ടാർമാങ്കരയമ്മൻ ക്ഷേത്രം പാറ, പാലക്കാട്
14. ശ്രീതിരുവാലത്തൂർ ക്ഷേത്രം, പാലക്കാട്
15. ശ്രീതിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്രം, അങ്ങാടിപ്പുറം
16. ശ്രീതൃക്കടീരിമൂന്നുമൂർത്തി ദേവസ്വം
17. ശ്രീതിരുകാച്ചാംകുറുശ്ശി ക്ഷേത്രം, പയ്യലൂർ
18. ശ്രീതൃപ്പാളൂർ ക്ഷേത്രം, തൃപ്പാളൂർ
19. ശ്രീഅടയ്ക്കാപുത്തൂർ ക്ഷേത്രം, അടയ്ക്കാപുത്തൂർ

II. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ:

കുശക്കോട്, നെയ്യാറ്റിൻകര, മലയിൻകീഴ്, കഠിനംകുളം, തിരുവാറാട്ടുകാവ്, ആര്യൻകാവ്, തൃപ്പാവുമ്പ, വൈകുണ്ഠപുരം, തിരുവല്ല, അമ്പലപ്പുഴ, മാന്നാർ, തൃക്കൊടിത്താനം, പന്തളം, ആറൻമുള, കിളിരൂർ, പാണ്ഡവം, തളിയിൽ, വൈക്കം, തുറവൂർ, ഉദയനാപുരം, അരൂർ, തിരുമൂഴിക്കുളം, ആർപ്പൂക്കര, വാസുദേവപുരം, പെരുവനം, തിരുവാലൂർ

LIBRARY ARCHIVES Kerala Legislative Assembly

III. കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ:

തൃപ്രയാർ ശ്രീരാമക്ഷേത്രം, തൃശ്ശൂർ വടക്കുംനാഥൻ ക്ഷേത്രം, പള്ളിമൺ ശിവക്ഷേത്രം, തിരുവഞ്ചിക്കുളം മഹാദേവ ക്ഷേത്രം.

ഇതിനു പുറമേ ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിലും ഇരിങ്ങാലക്കുട ശ്രീകൂടൽമാണിക്യം ക്ഷേത്രത്തിലും മ്യൂറൽ പെയിന്റിംഗ് നിലവിലുണ്ട്.

(ബി) ഇവയിൽ താഴെ പറയുന്ന സ്ഥലങ്ങളിലുള്ള ക്ഷേത്രങ്ങളിലെ പെയിന്റിംഗുകൾ നാശോന്മുഖമായ നിലയിലാണ്:

1. മടിയൻകുലോ ക്ഷേത്രം, അജാനൂർ
2. തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രം, തളിപ്പറമ്പ്
3. ആലത്തിയൂർ പെരുംതൃക്കോവിൽ ക്ഷേത്രം, തിരൂർ
4. തിരുമിറ്റക്കോട് ക്ഷേത്രം, ഒറ്റപ്പാലം
5. ശ്രീകൂടൽമാണിക്യം ക്ഷേത്രം, ഇരിങ്ങാലക്കുട
6. നെയ്യാറ്റിൻകര
7. കഠിനംകുളം
8. തിരുവാറാട്ടുകാവ്
9. ആര്യൻകാവ്
10. തൃപ്പാവുമ്പ
11. വൈകുണ്ഠപുരം
12. അമ്പലപ്പുഴ
13. തിരുവല്ല
14. മാന്നാർ
15. ആറൻമുള
16. പാണ്ഡവം
17. തളിയിൽ
18. വൈക്കം
19. തുറവൂർ
20. ഉദയനാപുരം
21. അരൂർ
22. തിരുമുഴിക്കുളം
23. ആർപ്പൂക്കര

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ പെയിന്റിംഗുകൾ ഭാഗികമായി നാശോന്മുഖമായ നിലയിലാണ്.

കണ്ണൂർ ജില്ലയിലെ തൊടീക്കളം ശിവക്ഷേത്രത്തിലെ പെയിന്റിംഗുകൾ പുരാവസ്തു വകുപ്പ് ഏറ്റെടുക്കുകയും സംരക്ഷിച്ചുവരികയും ചെയ്യുന്നുണ്ട്. ഗുരുവായൂർ ദേവസ്വത്തിന്റെ കീഴിൽ ചുമർചിത്രപഠനത്തിന് 1989 മുതൽ ഒരു മ്യൂറൽ പെയിന്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നിലവിലുണ്ട്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രിൻസിപ്പാളിന്റെ നിർദ്ദേശാനുസരണവും സംസ്ഥാന പുരാവസ്തു ഗവേഷണ വകുപ്പിലെ കൺസർവേഷൻ ആഫീസറുടെ നിർദ്ദേശമനുസരിച്ചുള്ള നടപടികളും ചിത്രങ്ങൾ നന്നാക്കി സംരക്ഷിക്കാൻ ഉപയോഗപ്പെടുത്തിവരുന്നു. കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിൽ മ്യൂറൽ പെയിന്റിംഗുകളുള്ള ക്ഷേത്രങ്ങളിൽ കേന്ദ്രപുരാവസ്തു വകുപ്പ് ചിത്രങ്ങൾ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 1989-ൽ ഗുരുവായൂർ ദേവസ്വം അനുവദിച്ച ചുമർചിത്ര പഠന കേന്ദ്രത്തിൽ നാളിതുവരെ 50 ചിത്രകാരന്മാർ പഠനം പൂർത്തിയാക്കിയിട്ടുണ്ട്. ഇവരെല്ലാംതന്നെ ചിത്രകലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു.

ക്ഷേത്രങ്ങളോടനുബന്ധിച്ച് ദേവവനങ്ങൾ

303 [1231] *ശ്രീ. വി. ജെ. പൗലോസ്:*
,, എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. മോഹൻകുമാർ:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേത്രങ്ങളോടനുബന്ധിച്ച് എത്ര ദേവവനങ്ങൾ (കാവുകൾ) നിലവിലുണ്ട്;

(ബി) ഈ കാവുകളുടെ എണ്ണം കുറഞ്ഞുവരികയാണോ; എങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) ഈ ദേവവനങ്ങൾ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) അമ്പലങ്ങളോടനുബന്ധിച്ച് പുതുതായി ദേവവനങ്ങൾ പിടിപ്പിക്കുവാൻ പരിപാടിയുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ക്ഷേത്രങ്ങളോടനുബന്ധിച്ച് 158 ദേവവനങ്ങൾ (കാവുകൾ) നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly